**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5719** **08-07-2024 - ല്‍ മറുപടിയ്ക്ക്**

**പാലക്കാട് ഗവണ്‍മെന്റ് മെഡിക്കല്‍ കോളേജിലെ സൗകര്യങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ ഒ . ആര്‍. കേളു<br>(പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ഗവണ്‍മെന്റ് മെഡിക്കല്‍ കോളേജ് സ്ഥാപിതമായത് എന്നാണ്; എന്തൊക്കെ ചികിത്സാ സംവിധാനങ്ങളാണ് അവിടെ ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 01/09/2014 തീയതി മുതല്‍ക്കാണ് പാലക്കാട്, ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കല്‍ സയന്‍സസില്‍ (പാലക്കാട് മെഡിക്കല്‍ കോളേജ്) പ്രവര്‍ത്തനമാരംഭിച്ചത്.<br><br>ഫാര്‍മസി, ലാ¡¸, ഇ.സി.ജി, എക്സ് -റേ എന്‍ഡോസ്കോപ്പി എന്നീ സൗകര്യങ്ങളോടുകൂടി ജനറല്‍ മെഡിസിന്‍, പള്‍മണറി മെഡിസിന്‍, സര്‍ജറി, ഓര്‍ത്തോപീഡിക്, ഡെന്റിസ്ട്രി, ഒഫ്ത്താല്‍മോളജി, ഇ.എന്‍.ടി, സൈക്കാട്രി, ഡെര്‍മറ്റോളജി, പീഡിയാട്രിക്സ്, ART എന്നീ 11 വിഭാഗങ്ങളിലായി ഒ.പി കള്‍ പ്രവര്‍ത്തിച്ചു വരുന്നു. സോറിയാസിസിനുള്ള ചികിത്സ, ഫുള്‍ ബോഡി ഫോട്ടോതെറാപ്പി യൂണിറ്റ്, ലേസര്‍ ചികിത്സകള്‍, ഒപ്റ്റിക്കല്‍ കോഹറന്‍സ് ടോമോഗ്രഫി, റെറ്റിന സ്കാനിംഗ്, റെറ്റിന ലേസര്‍ ചികിത്സ, നോണ്‍-കോണ്‍ടാക്റ്റ് ടോണോമീറ്റര്‍, ബി സ്കാന്‍, നാസല്‍ എന്‍ഡോസ്കോപ്പി, ഒട്ടോ എന്‍ഡോസ്കോപ്പി തുടങ്ങിയ ആധുനിക ചികിത്സാ സൗകര്യങ്ങള്‍ ഡെര്‍മറ്റോളജി, ഒഫ്ത്താല്‍മോളജി, ഇ.എന്‍.ടി വിഭാഗങ്ങളില്‍ പ്രവര്‍ത്തനം ആരംഭിച്ചു. 12.03.2024 മുതല്‍ കിടത്തി ചികിത്സ ആരംഭിച്ച് മൈക്രോബയോളജി, ART, RT PCR എന്നീ ലാബുകള്‍, ഇ.സി.ജി, ഫാര്‍മസി എന്നീ സൗകര്യങ്ങളോടുകൂടി പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മെഡിക്കല്‍ കോളേജ് ആരംഭിച്ച് പത്ത് വര്‍ഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങള്‍ ഒരുക്കുന്നതിനും ഹോസ്റ്റല്‍, ലാബുകള്‍, ചികിത്സ ഉപകരണങ്ങള്‍ തുടങ്ങിയവ സ്ഥാപിക്കുന്നതിനും കാര്യമായ പുരോഗതി കൈവരിക്കുവാന്‍ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | മെഡിക്കല്‍ കോളേജിന്റെ DPR ന് 2015-ലാണ് സര്‍ക്കാര്‍ അനുമതി ലഭ്യമായത്. നിര്‍മ്മാണ പ്രവര്‍ത്തനങ്ങളുടെ എക്സിക്യൂട്ടീവ് അതോറിറ്റി കേരള പൊതുമരാമത്ത് വകുപ്പാണ്. പണി പൂര്‍ത്തീകരിച്ച് മെഡിക്കല്‍ കോളേജിന് ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത ബില്‍ഡിംഗും അതോടനുബന്ധിച്ച സേവനങ്ങളും ആരംഭിക്കാന്‍ കഴിയുന്നത്. അപ്രകാരം |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജിൽ പൂർത്തീകരിച്ച ജോലിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>അക്കാഡമിക് ബ്ലോക്ക്<br><br>ഗേൾസ് ഹോസ്റ്റൽ<br><br>ബോയ്സ് ഹോസ്റ്റൽ<br><br>മെഡിക്കൽ കോളേജ് മെയിൻ ബ്ലോക്ക്<br><br>മെഡിക്കൽ കോളേജ് ബ്ലോക്ക് 3rd Floor<br><br>ബൗണ്ടറി വാൾ<br><br>അണ്ടർ ഗ്രൗണ്ട് ടാങ്ക്<br><br>ഇലക്ട്രിക്ക് സബ്സ്റ്റേഷൻ<br><br>ഇലക്ട്രിക് സബ്സ്റ്റേഷൻ കേബിളിങ് വർക്ക് എന്നിവ.<br><br>ഹോസ്റ്റൽ സൗകര്യങ്ങൾ 2017-ൽ തന്നെ ആരംഭിച്ചിട്ടുണ്ട്. DPR-ൽ ഉൾപ്പെട്ട പ്രധാന ജോലിയായ ഹോസ്പിറ്റൽ ബിൽഡിങിന്റെ നിർമ്മാണം 2016-ൽ തന്നെ അരംഭിച്ചിരു ന്നെങ്കിലും വിവിധ സാങ്കേതിക കാരണങ്ങളാൽ ഇപ്പോഴാണ് Hand Over/Functioning-ന് തയ്യാറായിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഹോസ്പിറ്റൽ ബ്ലോക്കിലെ മുൻവശത്തുള്ള 6 നിലകളിലായി OPD ബ്ലോക്ക്, 2021-ൽ തന്നെ പ്രവർത്തന സജ്ജമാക്കി OP പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്.<br><br>കൂടാതെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ, രോഗികൾ എന്നിവർക്കായി മെഡിക്കൽ കോളേജ് നിർമ്മിച്ച ലാബുകൾ മുഖേന തന്നെയാണ് ആവശ്യമായ സേവനങ്ങൾ നൽകുന്നത്. മോഡുലർ ലാബുകളുടെ ജോലികളും നടന്നു വരുന്നു. |
| (സി) | അധ്യാപകരുടെ അഭാവവും ഭൗതിക സാഹചര്യങ്ങളുടെ കുറവും പരിഹരിച്ചില്ലെങ്കിൽ പ്രസ്തുത കോളേജിന്റെ അംഗീകാരം റദ്ദാക്കുമെന്ന് നാഷണൽ മെഡിക്കൽ കമ്മീഷൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | അംഗീകാരം റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരേയും യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ